**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1689** **04-02-2026 - ൽ മറുപടിയ്ക്ക്**

**സംഭരിച്ച നെല്ലിന്റെ തുക ലഭിക്കുന്നതിനുള്ള കൃഷിവകുപ്പ് ഇടപെടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നെലൽകർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ കുടിശ്ശിക തുക സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും കർഷകർക്ക് ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് നടത്തിയ ഇടപെടലുകൾ സംബന്ധിച്ച വിശദാംശങ്ങൾ ജില്ല അടിസ്ഥാനത്തിൽ നൽകാമോ; | (എ) | രാജ്യത്ത് ഏറ്റവും മാതൃകാപരമായി വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. സംസ്ഥാനത്ത് നെൽ കർഷകരിൽ നിന്ന് നെല്ല് യഥാസമയം സംഭരിക്കുന്നതിനും അതിന്റെ വില കർഷകർക്ക് വിതരണം ചെയ്യുന്നതിനുമായി നിശ്ചിത ഏജൻസിയായി സപ്ലൈകോയെ ആണ് നിയോഗിച്ചിട്ടുള്ളത്. കർഷകർ ഉത്പാദിപ്പിക്കുന്ന നെല്ലിന് താങ്ങുവിലയോടൊപ്പം പ്രോത്സാഹന ബോണസ് കൂടി നൽകിയാണ് സംസ്ഥാനത്ത് നെല്ല് സംഭരിക്കുന്നത്.<br><br>നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സംവിധാനം വഴി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന് ശേഷം മാത്രമാണ് കർഷകർക്ക് നൽകിയ തുക കേന്ദ്രം സംസ്ഥാന സർക്കാരിന് നൽകുന്നത്. ഇതിന് മാസങ്ങളുടെ കാലതാമസം ഉണ്ടാകുന്നുണ്ട്. കർഷകരിൽ നിന്ന് നെല്ല് അളന്നെടുത്തതിനു ശേഷം ഉണ്ടാകുന്ന ഈ കാലതാമസം ഒഴിവാക്കാൻ വേണ്ടിയാണ് ബാങ്കുകളുടെ സഹായത്തോടെയും സപ്ലൈകോ ഗ്യാരണ്ടി നിന്നും കർഷകർക്ക് ബാധ്യതയുണ്ടാകാതെ പലിശ വിഹിതം കേരള സർക്കാർ നൽകിയും പി.ആർ.എസ് വായ്പ ലഭ്യമാക്കുന്നത്. കേന്ദ്ര-കേരള സർക്കാർ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് ഈ വായ്പകൾ സപ്ലൈകോ തിരിച്ചടവ് വരുത്തുന്ന വിധമാണ് PRS വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.<br><br>കേന്ദ്രസർക്കാർ നെല്ലിന് നിലവിൽ നൽകുന്ന താങ്ങുവില ക്വിന്റലിന് 2369/- രൂപയാണ്. എം . എസ് . പി . യും സംസ്ഥാന സർക്കാർ നൽകുന്ന പ്രോത്സാഹന ബോണസും കൈകാര്യ ചെലവും ചേർത്ത് ഒരു കിലോ ഗ്രാം നെല്ലിന് 30 രൂപ വിലയിലാണ് 20-10-2025 തീയതി മുതൽ |

സംഭരിക്കുന്നത്. എന്നാൽ , സംസ്ഥാനത്തെ നെല്ലിന്റെ ഉയർന്ന ഉത്പാദനച്ചെലവും, ഉത്പാദനോപാധികളുടെ കൂടിയ വിലയും കണക്കാക്കുമ്പോൾ കേന്ദ്രസർക്കാർ നൽകുന്ന ഈ താങ്ങുവില സംസ്ഥാനത്തെ കർഷകരെ സംബന്ധിച്ചിടത്തോളം വളരെ കുറവാണ്.ഏകീകൃത താങ്ങുവിലക്കു പകരം സംസ്ഥാനങ്ങളുടെ ഉത്പാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനാധിഷ്ഠിതമായി താങ്ങുവില നിശ്ചയിക്കണമെന്നും താങ്ങുവില ഉയർത്തണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടും നടപടികൾ ഉണ്ടായിട്ടില്ല. ഉല്പാദനചെലവ് കണക്കാക്കി കിലോയ്ക്ക് 40 രൂപയായി നെല്ലിന്റെ താങ്ങുവില ഉയർത്തണമെന്നാണ് കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സംഭരണ സംവിധാനത്തിൽ മുൻ സീസണുകളിൽ നേരിട്ടിരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നെല്ല് സംഭരണത്തിൽ സഹകരണ മേഖലയെ കൂടുതൽ സജീവമായി പങ്കെടുപ്പിക്കുന്നതിനായി പുതിയ സംവിധാനം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് സപ്ലൈകോയെ സംസ്ഥാന നോഡൽ ഏജൻസിയായി നിലനിർത്തിക്കൊണ്ട്, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS) മുഖേന കർഷകരിൽ നിന്ന് നേരിട്ട് നെല്ല് സംഭരിച്ച് കാലതാമസമില്ലാതെ വില നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. സംഭരണം, മില്ലിംഗ്, അരി വിതരണം എന്നിവ ഏകോപിപ്പിക്കുന്നതിന് നോഡൽ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുകയും, പൊതുവിതരണ സംവിധാനവുമായി ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങൾ സപ്ലൈകോ തുടർന്നും നിർവഹിക്കുകയും ചെയ്യും. പുതിയ സംവിധാനത്തിന്റെ ഭാഗമായി കേരള ബാങ്ക് മുഖേന പ്രത്യേക ലിക്വിഡിറ്റി സഹായം , സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക പ്രോത്സാഹനങ്ങൾ, MSPയും സംസ്ഥാന പ്രോത്സാഹന ബോണസും ഉൾപ്പെടെയുള്ള തുകകളുടെ ലളിതമായ ഫണ്ട് പ്രവാഹ സംവിധാനം എന്നിവ ഒരുക്കിയിട്ടുണ്ട്.

സംസ്ഥനത്തെ നെല്ല് സംഭരണ പ്രക്രിയ കാര്യക്ഷമമാക്കുന്നതിനും നവീകരിക്കുന്നതിനും ശിപാർശകൾ നൽകുന്നതിനുമായി ഡോ. വി.കെ ബേബി ഐ.എ.എസ് (റിട്ട.)ന്റെ അധ്യക്ഷതയിൽ രൂപീകരിച്ച നെല്ല് സംഭരണം പഠിക്കാനുള്ള വിദഗ്ധ സമിതി സമർപ്പിച്ച ശിപാർശകൾക്ക് 01-02-2026ലെ സ.ഉ.(കൈ) നം. 16/2026/കൃഷി ഉത്തരവു പ്രകാരം അംഗീകാരം നൽകുകയും പാലക്കാട് ജില്ലയിൽ

| | | | |
|---|---|---|---|
| | | | നവീകരണ പദ്ധതി ആരംഭിക്കുന്നതിലേക്കായി ടാസ്ക് ഫോഴ്സ് രൂപീകരിച്ച് 2026-27 സംഭരണ വർഷം പാലക്കാട് ജില്ലയിൽ നെല്ല് സംഭരണ നവീകരണ പദ്ധതി നടത്തിപ്പിൽ വരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br><br>നാളിതു വരെ 2026ജനുവരി 15 വരെ ഉള്ള പി.ആർ.എസ്. സ്ലിപ്പുകൾ സപ്ലൈകോ അനുവദിച്ചു കഴിഞ്ഞു . കർഷകരിൽ നിന്നും പരാതി ലഭിക്കുന്ന വേളകളിൽ കാർഷിക വികസന വകുപ്പ് ഇടപെടുകയും കർഷകൾക്ക് ലഭിക്കേണ്ട തുക യഥാസമയം നൽകുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സപ്ലൈകോയ്ക്ക് നൽകുകയും ചെയ്ത് പരാതികൾ പരിഹരിക്കുന്നുണ്ട്. |
| (ബി) | വള്ളിക്കുന്ന് മണ്ഡലത്തിലെ പരപ്പനങ്ങാടി കാർഷിക ബ്ലോക്കിലെ പെരുവള്ളൂർ പഞ്ചായത്തിലെ 101 നെൽകർഷകർക്ക് 80 ഹെക്ടർ പാട ശേഖരത്തിൽ നിന്ന് 2,85,050 കിലോ നെല്ല് സപ്ലൈകോ സംഭരിച്ച വകയിൽ അനുവദിക്കേണ്ട തുക കർഷകർക്ക് ലഭിക്കുന്നതിന് കൃഷി വകുപ്പ് നടത്തിയ ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | 2024-25 സീസണിൽ രണ്ടാം വിളയായി മലപ്പുറം ജില്ലയിലെ പെരുവള്ളൂർ കൃഷി ഭവന്റെ പരിധിയിൽ വരുന്ന നെൽകർഷകരിൽ നിന്ന് സപ്ലൈകോ 2,93,950/- കിലോഗ്രാം നെല്ല് സംഭരിച്ചിട്ടുണ്ട്. പ്രസ്തുത നെല്ലിന്റെ വില PRS Loan ആയി ബന്ധപ്പെട്ട ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സപ്ലൈകോ സ്വീകരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ